## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 124 06.03.2020-ൽ മറുപടിയ്ക്ക്

## അതിജീവനക്ഷമതയ്ക്ക് പ്രാധാന്യം നൽകുന്ന വാർഷിക പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ. ദാസൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | അതിജീവനക്ഷമതയുള്ള കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടുന്നതിന് ജനകീയ പങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് പ്രത്യേക ഗ്രാമസഭകൾ ചേരുകയുണ്ടായോയെന്ന് അറിയിക്കുമോ; | (എ) | ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരവുമായ ഇടപെടലും ഉറപ്പാക്കി തദ്ദേശ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് നിർദ്ദേശം നല്കിയതനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾ കരട് ദുരന്ത നിവാരണ പദ്ധതികൾ ഗ്രാമ / വാർഡ് സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ദുരന്ത നിവാരണ പദ്ധതിയ്ക്ക് വേണ്ടി ഒരു പ്രത്യേക വികസന സെമിനാർ ചേരുകയും ചെയ്യുന്നുണ്ട്. |
| (ബി) | അതിജീവനക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണോ വാർഷിക പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അതെ. കേരളം അഭിമുഖീകരിച്ച പ്രളയ ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നിയും പാരിസ്ഥിതിക സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടും പുനർ-നിർമ്മിക്കുന്നതിനായുള്ള കേരള പുനർനിർമ്മാണ പരിപാടിയുടെ കാഴ്ചപ്പാട് കൂടി ഉൾക്കൊണ്ട് വേണം |

| | | | |
|---|---|---|---|
| | | | തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരിക്കേണ്ടതെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ ലക്ഷ്യത്തോടെയാണ് 'നമ്മൾ നമുക്കായി' എന്ന ജനകീയ ക്യാമ്പയിനും അതിന്റെ ഭാഗമായുള്ള തദ്ദേശ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ പദ്ധതികളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ളത്. |
| (സി) | നിർവ്വഹണ രീതി കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് പദ്ധതി ചെലവ് ഉചിതമായി മെച്ചപ്പെടുത്താൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; | (സി) | ഉണ്ട്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ തന്നെ മാറിയിട്ടുണ്ട്. ഇത്തരത്തിൽ പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതികളും സർക്കാർ തലത്തിലും വകുപ്പ് മേധാവികളും അവലോകനം ചെയ്യുന്നുണ്ട്. |
| (ഡി) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള 961 കോടി രൂപയുടെ പ്രവർത്തനം ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ